MILLIREPORT




# ചരിത്ര രേഖകളുടെ ലഭ്യതയും ചില പ്രധാന ഡിജിറ്റൽ ആർക്കൈവുകളും

1 April 2020 | Essay

By സൈതാലി പി. പി.

ചരിത്ര ഗവേഷകർ നേരിടുന്ന ഒരു പ്രധാന പ്രശ്നം ചരിത്ര രേഖകളുടെ പരിമിതവും, നിയന്ത്രിതവുമായ ലഭ്യതയുമായി ബന്ധപ്പെട്ടതാണ് . പൊതു സ്വകാര്യ ആർക്കൈവ്സുകൾ, ലൈബ്രറികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയാണ് ചരിത്ര രേഖകളുടെ പ്രധാന സൂക്ഷിപ്പുകാർ . ചരിത്ര രേഖകളുടെ മറ്റൊരു പ്രധാന സംരക്ഷകർ ജീവിതകാലം മുഴുവൻ ചരിത്ര രേഖകളുടെ ശേഖരണത്തിനും , സൂക്ഷിപ്പിനും, പഠനത്തിനും വേണ്ടി മാറ്റിവെച്ച Amateur Historians-ആണ്. പ്രാദേശിക തലത്തിൽ പല പ്രധാന കുടുംബങ്ങളിലും ആരാധനാലയങ്ങളിലും ചരിത്ര രേഖകളുടെ വലിയ സ്വകാര്യ ശേഖരമുണ്ട്. ഇവയിൽ പരിമിതമായ ശേഖരങ്ങൾ മാത്രമാണ് നിയന്ത്രണങ്ങളോടെ ഗവേഷകർക്കും ചരിത്ര കുതുകികൾക്കും ലഭ്യമായിട്ടുള്ളത് . കഴിഞ്ഞ കുറച്ചു വർഷത്തെ ഗവേഷണ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചരിത്ര രേഖകളുടെ പൊതു ലഭ്യതയെ നിയന്ത്രിക്കുന്നതും, ഡിജിറ്റൈസേഷൻ പ്രക്രിയയുടെ പ്രാധാന്യം വ്യക്തമാക്കുന്നതുമായ ചില നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. അക്കാദമിക ചരിത്ര ഗവേഷകർക്കെതിരെയുള്ള ഒരു പ്രധാന ആരോപണം അവരിൽ ഒരു വലിയ വിഭാഗം ചരിത്ര മേഖലയോടെ, ഗവേഷണ വിഷയത്തോടെ പ്രത്യേക പ്രതിബദ്ധത ഒന്നും കാത്തുസൂക്ഷിക്കാത്തവരാണ് എന്നതാണ്. വലിയ ബുദ്ധിമുട്ടില്ലാതെ എത്രയും പെട്ടെന്ന് arcmchair research-ലൂടെ PhD ഡിഗ്രി കരസ്ഥമാക്കുകയാണ് ഇക്കൂട്ടരുടെ ലക്ഷ്യം. ഇതിനാവശ്യമായ രേഖകൾ

കയ്യിലുള്ള രേഖകൾ പങ്കു വെക്കാറില്ല. ഒരു അക്കാദമിക വിഷയം എന്നനിലയിൽ പരസ്പര നേട്ടത്തിലും പങ്കുവെക്കലിലും അധിഷ്ഠിതമായ ബന്ധങ്ങളിലൂടെ മാത്രമേ ചരിത്ര വിജ്ഞാനീയത്തിൽ വളർച്ച ഉണ്ടാകുകയുള്ളൂ.

2. സ്വപ്രയത്നത്താൽ ശേഖരിച്ചതോ ,പാരമ്പര്യമായി കൈമാറ്റം ചെയ്തു കിട്ടിയതോ ആയ ചരിത്രരേഖകളുടെ ഭൌതിക സാംസ്കാരിക ( material and cultural) മൂല്യങ്ങളെ തിരിച്ചറിയുന്നവരാണ് ഇവയുടെ സൂക്ഷിപ്പുകാരായ വലിയൊരു വിഭാഗം സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും . കേവലം ചരിത്രത്തോടുള്ള കൌതുകത്തിനപ്പുറം ഒരു ജനതയുടെ സാംസ്കാരിക പാരമ്പര്യങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടും കൂടിയാണ് സാമ്പത്തികമായി ഉൾപ്പടെ വലിയ ത്യാഗങ്ങൾ സഹിച്ചും ഇവർ ചരിത്ര രേഖകളെ ശേഖരിച്ചുവെച്ചിരിക്കുന്നത് . അതിനാൽ തന്നെ ചരിത്രപരമായി യാതൊരു പ്രതിബദ്ധതയും ഇല്ലാത്ത മുകളിൽ സൂചിപ്പിച്ച ഗവേഷകരോട് രേഖകൾ പങ്കുവെക്കുന്നതിലുള്ള വിമുഖത സ്വാഭാവികമാണ് . ഇതിനപ്പുറം തങ്ങൾ ശേഖരിച്ച രേഖകൾ മറ്റാരുമായും പങ്കു വെക്കാതെ പൂട്ടിക്കെട്ടിവെക്കുന്ന നിലപാടോ, അവയുടെ മൂല്യം തിരിച്ചറിയാതെ കുംടുംബത്തിന്റെ പാരമ്പര്യം അറിയിക്കാൻ ചില്ലലമാറകളിൽ അലങ്കാരത്തിനായി അടക്കിവെച്ചു കാഴ്ചവസ്തുക്കളാക്കി മാറ്റുന്ന പ്രവണതയോ ചരിത്ര പഠനത്തിനു ഒട്ടും ഭൂഷണമല്ല. ചരിത്രം ഒരു അക്കാദമിക വിഷയം എന്ന നിലയിൽ കഴിഞ്ഞ അമ്പതു വർഷം വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ചരിത്ര പഠന മേഖലയിലെ പുതിയ പ്രവണതകൾ, ചിന്താ സരണികൾ, രീതി ശാസ്ത്രം, ആഖ്യാന രീതികൾ എന്നിവ ഒരളവുവരെയും സാധ്യമായത്-പാരമ്പര്യമായി ചരിത്ര രേഖകളായി കണക്കാക്കി പോന്നിരുന്ന രേഖകളെ കൂടാതെ – വൈവിധ്യമായ രീതിയിൽ ഭൂതകാലത്തെ അടയാളപ്പെടുത്തിയിരുന്ന ആഖ്യാനങ്ങളെ കൂടി ഉപയോഗപ്പെടുത്താൻ തുടങ്ങുന്നതോടെയാണ് . ഇത് ചരിത്ര രചനയെ ജനാധിപത്യ വത്കരിക്കുകയും പാർശ്വവത്കരിക്ക്പ്പെട്ടവർക്ക് ശബ്ദം നൽകുകയും ചെയ്തു. അതിനാൽ തന്നെ ചരിത്ര രേഖകളെ അടച്ചുപൂട്ടി വെക്കുന്ന പ്രവണത നമ്മുടെ ചരിത്ര ബോധത്തെയും ഭാവനയെയും പഴഞ്ചനായി നിലനിർത്തും. രേഖകളുടെ സൂക്ഷിപ്പുകാരായ വ്യക്തികൾ, കുടുംബങ്ങൾ,സ്ഥാപനങ്ങൾ എന്നിവക്ക് അർഹമായ അംഗീകാരവും സാമ്പത്തിക സഹായവും നൽകി രേഖകളെ പോതു ഇടത്തിൽ ലഭ്യമാക്കി മാറ്റുക എന്നതാണ് ഇതിനുള്ള പരിഹാരം.

3. എളുപ്പത്തിൽ രേഖകൾ ലഭ്യമാവുന്ന പല പൊതു സ്വകാര്യ സ്ഥാപനങ്ങളുടെയും അവസ്ഥ പലപ്പോഴും ശോചനീയമാണ് . ശരിയായ കാറ്റലോഗിന്റെ അപര്യാപ്തതയും, ചെയ്യുന്ന ജോലിയിൽ അറിവും താത്പര്യവും ഇല്ലാത്ത ജീവനക്കാരും രേഖകൾ കണ്ടെത്തുന്നതിനുള്ള പ്രധാന തടസ്സമാണ്. കൂടാതെ രേഖകൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയമായ മാർഗങ്ങൾ അവലംബിക്കാതിരിക്കൽ, അവ സൂക്ഷിച്ചുവെക്കുന്നതിനുള്ള സൌകര്യ കുറവ് എന്നിവ പലപ്പോഴും ലഭ്യമായ രേഖകൾ തന്നെ ചിതലരിച്ച് നശിച്ചു പോകുന്നതിനും കാരണമാകാറുണ്ട്. ചരിത്ര രേഖകളുടെ ഡിജിറ്റൈസേഷൻ, അവ ഓൺലൈൻ ആർക്കൈവുകൾ വഴി ലഭ്യമാക്കുന്നതും ഈ പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ പരിഹാരമാകും. താങ്ങാനാവാത്ത subscription rate-ഉം pay wall-ഉം ഇല്ലാതെ, ചരിത്ര രേഖകൾ എല്ലാ വർക്കും ലഭ്യമാക്കുന്ന ഡിജിറ്റൽ ആർക്കൈവുകൾ തയ്യാറാക്കാൻ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, ഗവേഷകർ എന്നിവയുടെ ക്രിയാത്മക കൂട്ടായ്മയിലൂടെ സാധ്യമാകും. ഇത്തരത്തിലുള്ള തീർത്തും സൗജന്യമായി, എളുപ്പത്തിൽ ലഭ്യമാകുന്ന ചില പ്രധാനപ്പെട്ട ഡിജിറ്റൽ ആർക്കൈവുകളെ പരിജയപ്പെടുത്തുകയാണിവിടെ.

പ്രക്രിയയിൽനിന്നും മാറി നിൽക്കുന്ന വ്യക്തികളും, സ്ഥാപനങ്ങളും തങ്ങൾ സൂക്ഷിക്കുന്ന ചരിത്ര രേഖകൾ പ്രതിനിധാനം ചെയ്യുന്ന ജന സമൂഹങ്ങളെ ചരിത്രത്തിൽ അപ്രസക്തമാകുകയാണ് ചെയ്യുന്നത്.

അതേസമയം ഡിജിറ്റൈസേഷൻ പ്രക്രിയ ഏകപക്ഷീയമായ ഊറ്റിയെടുക്കലുകളും അധികാര പ്രയോഗങ്ങളുമായി മാറരുത്. ഉദാഹരണത്തിന് പല അന്താരാഷ്ട്ര ഡിജിറ്റൈസേഷൻ പ്രോജക്റ്റുകളും നാമമാത്രമായ സഹായങ്ങൾ നൽകിയോ/നൽകാതെയോ നമ്മുടെ ചരിത്ര രേഖകളെ എല്ലാവർക്കും ലഭ്യമകുന്ന രീതിയിൽ പൊതു ഇടത്തിൽ കൊണ്ടുവരുന്നുണ്ട്. നല്ലതു തന്നെ. അതേസമയം, സമാനമായ പ്രോജക്റ്റുകളിൽ ഉൾപ്പെടുത്താൻ കഴിയുന്ന ഇതേ അന്താരാഷ്ട്ര സ്ഥാപനങ്ങൾ സൂക്ഷിച്ചുവെച്ചിട്ടുള്ള നമ്മെ പറ്റിയുള്ള ചരിത്ര രേഖകൾ ഡിജിറ്റൈസ് ചെയ്യാതിരിക്കുകയോ, താങ്ങാനാവാത്ത subscription rate-നും pay wall-ക്കും അപ്പുറം പൂട്ടിട്ടു വെച്ചിരിക്കുകയോ ആണ്. ഈ നില മാറേണ്ടതുണ്ട്. പ്രത്യേകിച്ച് ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾ യൂറോപ്യൻ കൊളോണിയൽ ശക്തികൾ കൊള്ള ചെയ്തു കൊണ്ടുപോയ തങ്ങളുടെ സാംസ്കാരിക പൈതൃകങ്ങളെയും ശേഷിപ്പുകളെയും തിരിച്ചു പിടിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ സമയത്ത്. പരസ്പര നേട്ടത്തിലും പങ്കുവെക്കലിലും അധിഷ്ഠിതമായ ആരോഗ്യകരമായ ബന്ധങ്ങളിലൂടെ ഡിജിറ്റൈസേഷൻ നടപ്പിലാക്കുമ്പോൾ മാത്രമാണ് സാങ്കേതികവിദ്യ അറിവിന്റെയും അധികാരത്തിന്റെയും ജനാധിപത്യ വത്കരണത്തിന് സഹായകമാവുക. എല്ലെങ്കിൽ ഇതും നിലവിലുള്ള അറിവധികാരങ്ങളെ പൂർവാധികം ശക്തിപ്പെടുത്തുന്ന ഒരു ഉപാധിയായി മാറും.

ഗവേഷകർക്കു ഉപയോഗപ്രതമായ എളുപ്പത്തിലും സൗജന്യമായും ചരിത്ര രേഖകൾ ലഭ്യമായ ചില ഓൺലൈൻ ഡിജിറ്റൽ ആർക്കൈവുകളെ പരിചയപ്പെടുത്തുകയാണിവിടെ. പൊതു – സ്വകാര്യ സ്ഥാപനങ്ങളും, വ്യക്തികളുമാണ് ഇവ നടത്തുന്നത്.
ഓൺലൈൻ ഡിജിറ്റൽ ആർക്കൈവുകൾ ഉപയോഗിച്ച് തുടങ്ങുന്നവർക്കായി ചില നിർദേശങ്ങൾ.

1. കഴിയുന്നതും സർച് ബാറിൽ നിങ്ങളുടെ specefic topic തിരയുന്നതിന് പകരം, വിഷയവുമായി ബന്ധപ്പെട്ട general terms / titles / names / keywords എന്നിവ തിരയുക.

2. നാം ഇന്ന് ഉപയോഗിക്കുന്ന spelling ആയിരിക്കില്ല മുൻപ് പ്രചാരത്തിൽ ഉണ്ടായിരുന്നത് എന്ന് ഓർക്കുക. അതിനാൽ തന്നെ പഴയ spellling അറിയുമെങ്കിൽ അതുപയോഗിച്ച് തിരയുക. അതു തന്നെ multiple spelling വെച്ച് തിരയുക. ഉദാഹരണത്തിന് MAPPILA എന്നാണ് നാം ഇപ്പോൾ പൊതുവേ ഉപയോഗിക്കാറ്. ബ്രിട്ടീഷ് രേഖകളിൽ ഇത് MOPLAH, MOPLA, MAPPILLA, MAPPILA എന്ന് വിത്യസ്തമയ രീതിയിലാണ് ഉപയോഗിച്ചു കാണുന്നത്.

3. search result കളുടെ ആധിക്യം നിങ്ങളെ സംശയിപ്പിക്കുന്നു എങ്കിൽ, നിങ്ങൾക്ക് വേണ്ട രേഖയെപറ്റി നിങ്ങൾക്ക് വ്യക്തമായ ധാരണ ഉണ്ട് എങ്കിൽ- ആവശ്യമായ filters ഉപയോഗിക്കുക.

1) Abhilekh Patal Portal for Access to Archives and Learning

National Archives of India (NAI)-യുടെ ഔദ്യോഗിക ഡിജിറ്റൽ ലൈബ്രേറി. ഇന്ത്യൻ ആർക്കൈവൽ റെക്കോഡുകളുടെ സമ്പന്നമായ ശേഖരം ഒരു ബട്ടണിന്റെ ക്ലിക്കിലൂടെ എല്ലാവർക്കും

ഡിജിറ്റൈസ് ചെയ്ത റെക്കോർഡുകൾ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട് . ഗവർമെന്റെ ആർക്കൈവുകൾ പ്രതിനിധാനം ചെയ്യുന്നത് ഭരണകൂടത്തിന്റെ ഔദ്യോഗിക ഭാഷയാണ്. അതേസമയം രേഖീയമായ ഏറ്റവും വലിയ ചരിത്ര സ്രോതസ്സ് എന്ന നിലയിൽ ഏകപക്ഷീയമെങ്കിലും, വിമർശനാത്മക പഠനത്തിലൂടെ വസ്തുതകളെ ഇവ അത്യന്താപേക്ഷിതമാണ്. ഔദ്യോഗിക നിലപാടിൽനിന്നു വിഭിന്നമായ കാഴ്ചപ്പാടുള്ള, സാമൂഹിക സങ്കീർണതകളെ പ്രതിഫലിപ്പിക്കുന്ന ചരിത്ര രേഖകളും ആർക്കൈവുകളിൽ വിരളമല്ല.

https://www.abhilekh-patal.in/jspui/

സമാനമായ ചില സംരംഭങ്ങൾ :

National Portal and Digital Repository for Indian Museums: http://museumsofindia.gov.in/repository/

Gandhi Heritage Portal: https://www.gandhiheritageportal.org/

The National Cultural Audiovisual Archives: http://ncaa.gov.in/repository/

Panjab Digital Library (PDL): http://www.panjabdigilib.org/webuser/searches/mainpage.jsp

Nehru Memorial Library Digital Archives: http://nehrumemorial.nic.in/en/digital-archives.html

## 2) Internet Archive

ലോകത്തെ ഏറ്റവും വലിയതും സുതാര്യമായതുമായ ഇന്റെർനെറ്റ് ആർക്കൈവ് സംരഭം. “Universal Access to All Knowledge” എന്ന ലക്ഷ്യത്തോടെ അമേരിക്ക ആസ്ഥാനമായി UNESCO-യുടേത് ഉൾപ്പെടെയുള്ള സഹായത്തോടെ പ്രവർത്തിക്കുന്നു . ദശ ലക്ഷക്കണക്കിന് സൗജന്യ പുസ്തകങ്ങളെൾ, സിനിമകൾ, സോഫ്റ്റ്വെയർ, സംഗീതം, വെബ്സൈറ്റുകൾ എന്നിവയും, അതിലേറെയുമുള്ള ലോകത്തിലെ ഏറ്റവും മികച്ച ലാഭേച്ഛയില്ലാത്ത ലൈബ്രറിയാണ് ഇന്റെർനെറ്റ് ആർക്കൈവ്. ലോകത്തിലെ മിക്ക പ്രധാന ദേശീയ-അന്തർദേശീയ ഡിജിറ്റൽ ലൈബ്രറികളും ഗവേഷണ സ്ഥാപനങ്ങളും ഈ സംരംഭത്തിൽ പങ്കാളികളാണ്.

https://archive.org
സമാന സ്വഭാവമുള്ള മറ്റു ചില പ്രധാന ഇന്റെർനെറ്റ് ആർക്കൈവുകൾ:

The World Digital Library (WDL) : https://www.wdl.org/en/

Laibrary of Congress: https://www.loc.gov/

Europeana: https://www.europeana.eu/en

Digital Public Library of America: https://dp.la/browse-by-topic

3) National Digital Library of India

ഇന്ത്യയിലെ മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് കീഴിൽ IIT ഖൊരഗ്പുരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ഡിജിറ്റൽ ലൈബ്രറി ഓഫ് ഇന്ത്യ. വിത്യസ്ഥ മേഖലകളിലെ വൈജ്ഞാനിക മുന്നേറ്റത്തിന് ഉതകുന്ന രീതിയിൽ പഠന, ഗവേഷണ സ്രോതസ്സുകളെ സൗജന്യമായി, എളുപ്പത്തിൽ എല്ലാവരിലേക്കും എത്തിക്കുക എന്നതാണ് ഈ സംരംഭം ലക്ഷ്യം വെക്കുന്നത്. നിരവധി ദേശീയ അന്തർദേശീയ ഡിജിറ്റൽ ലൈബ്രറികളും ഗവേഷണ സ്ഥാപനങ്ങളും ഈ സംരംഭത്തിൽ പങ്കാളികളാണ്.

https://www.ndl.gov.in/

സമാനമായ പല രേഖകളും പങ്കു വെക്കുന്ന മറ്റു രണ്ട് സംരംഭങ്ങൾ:

Digital Library of India: https://dli.ernet.in/ (താത്കാലികമായി ലഭ്യമല്ല )

Sankrit Dictionary DLI Mirror: https://dli.sanskritdictionary.com/

Dhananjayrao Gadgil Library: പൂനെ കേന്ദ്രീകരിച്ച Gokhale Institute of Politics and Economics –ന്റെ ലൈബ്രറി ശേഖരം. ഇന്ത്യയിലെ സാമൂഹ്യ ശാസ്ത്ര രേഖകളുടെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ ശേഖരങ്ങളിലൊന്ന്. 1680 മുതൽ പ്രസിദ്ധീകരിച്ച നൂറുകണക്കിന് പുസ്തകങ്ങളുണ്ട് ഈ ശേഖരത്തിൽ.

https://dspace.gipe.ac.in/xmlui/handle/10973/2

4) Google Books

ഗൂഗിൾ സ്കാൻ ചെയ്തതും അതിന്റെ ഡിജിറ്റൽ ഡാറ്റാബേസിൽ സംഭരിച്ചതുമായ പുസ്തകങ്ങളുടെയും മാഗസിനുകളുടെയും മറ്റു രേഖകളുടെയും വലിയൊരു ഡിജിറ്റൽ ലൈബ്രറിയാണ് ഗൂഗിൾ ബുക്സ്. ഇവയിൽ പലതും സൗജന്യമായി pdf ആയി ഡൌൺലോഡ് ചെയ്യാവുന്നതാണ്. പലപ്പോഴും നാം ഗൌനിക്കാതെ വിടുന്ന ഒരു ശേഖരമാണിത്. ക്ഷമയോടെ തിരഞ്ഞാൽ പല സുപ്രധാന രേഖകളും ഇവിടെനിന്നു ലഭിക്കും.

https://books.google.com/

Internat Archive പ്ലാട്ഫോർമിലും ഗൂഗിൾ ബുക്സ് ആർക്കൈവിലും ലഭ്യമാണ്.

https://archive.org/details/googlebooks

5) South Asian Open Archives (SAOA)

സെൻസസ് ഡാറ്റ, മാസികകൾ, മറ്റു രേഖകൾ എന്നിവയുടെ ആയിരക്കണക്കിന് പേജുകൾ നിലവിൽ SAOA-യുടെ ശേഖരത്തിൽ അടങ്ങിയിരിക്കുന്നു. ദക്ഷിണേഷ്യയിലും ലോകമെമ്പാടുമുള്ള 26 അംഗ ഗവേഷണ ലൈബ്രറികളുടെ വിശാലമായ ഒരു സഹകരണ സംരംഭത്തിന്റെ ഫലമാണ് SAOA. JSTOR പ്ലാട്ഫോർമിൽ ഇത് ലഭ്യമാണ്.

https://www.jstor.org/site/south-asia-open-archives/saoa/

സമാന സ്വഭാവമുള്ള ചില ഡിജിറ്റൽ ആർക്കൈവുകൾ:

Digital South Asia Library: https://dsal.uchicago.edu/

Hathi Trust Digital Library-യും South Asia Archive-ഉം സമാന സ്വഭാവമുള്ള രണ്ടു ഭീമൻ അകാദമിക് ബിസിനസ്സ് മോഡലുകളാണ്. ഈ മേഖലയിലെ ഏറ്റവും പ്രധാന സാന്നിധ്യം എന്ന നിലയിൽ ഇവിടെ സൂചിപ്പിക്കുന്നു എന്നു മാത്രം. ഇവയുടെ രേഖകളുടെ ലഭ്യത ഭാഗികമായോ പൂർണ്ണമായോ subscription അടിസ്ഥാനത്തിലുള്ളതാണ്.

Hathi Trust Digital Library : https://www.hathitrust.org/

South Asia Archive : http://www.southasiaarchive.com/

### 6) നിയമ നിർമാണ സഭ രേഖകൾ

നിയമ നിർമാണ സഭകളെപോലെ ഒരു രാജ്യത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക ചിത്രം പ്രതിഫലിക്കുന്ന മറ്റൊരിടിവും ഇല്ല. പ്രാധിനിധ്യ ഭരണ സംവിധാനത്തിന്റെ വളർച്ചയോടെ ഇന്ത്യൻ വൈവിധ്യങ്ങളെ ഒരു പരുതിവരെ പ്രധിനിധാനം ചെയ്യാൻ നിയമ നിർമാണ സഭകൾക്കായി. അതിനാൽ തന്നെ ചരിത്ര രചനയിലെ ഒരു പ്രധാന സ്രോതസ്സാണ് നിയമ നിർമാണ സഭ രേഖകൾ. ബ്രിട്ടീഷ് കാലഘട്ടം മുതൽ ദേശീയ പ്രാദേശിക തലത്തിലുള്ള നിയമ നിർമാണ സഭകളുടെ രേഖകളുടെ ഡിജിറ്റൽ ശേഖരം നമുക്കിന്നു ലഭ്യമാണ്.

ഇന്ത്യയെ പറ്റി ബ്രിട്ടീഷ് നിയമ നിർമാണ സഭകളിൽ നടന്ന ചർച്ചകൾ പൂർണ്ണമായും താഴെ ലിങ്കിൽ ലഭ്യമാണ്. ഇതിൽ കമ്പനി ഭരണകാലവും, ബ്രിട്ടീഷ് ഗവൺമെന്റ് നേരിട്ട് ഭരിക്കാൻ തുടങ്ങിയ കാലവും ഉൾകൊള്ളുന്നു.

UK Parliament beta website: https://beta.parliament.uk/

ഇന്ത്യയിലെ കേന്ദ്ര നിയമ നിർമാണ സഭ രേഖകൾ പാർലമെന്റ് ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമാണ്. ഒന്നാം ലോക്സഭ മുതൽ പതിനേഴാം ലോക്സഭ വരെയുള്ള ലോക്സഭയുടെ സംവാദങ്ങൾ ഈ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരവധി പാർലമെന്ടറി കമ്മിറ്റികളുടെ റിപ്പോർട്ടുകൾ, പാർലമെന്റിന്റെ രാഷ്ട്രപതിയുടെ പ്രസംഗങ്ങൾ, ബജറ്റ് പ്രസംഗങ്ങൾ, ലോക്സഭ സെക്രട്ടേറിയേറ്റിന്റെ നിരവധി പ്രസിദ്ധീകരണങ്ങൾ എന്നിവയും ഈ ശേഖരത്തിന്റെ ഭാഗമാണ്.

OFFICIAL DEBATE OF RAJYA SABHA: https://rsdebate.nic.in/

കേരള നിയമസഭ ആര്ക്ക്കൈവിൽ 1956 മുതലുള്ള നിയമസഭ പ്രോസീടിങ്ങ്സ് നൽകിയിട്ടുണ്ട് . സ്വതന്ത്രത്തിന് മുൻപും അതിനുശേഷം 1956 വരെയും ഇന്നത്തെ കേരളത്തിന്റെ വിത്യസ്ത പ്രദേശങ്ങളിൽ ഉണ്ടായിരുന്ന നിയമ നിർമാണ സഭകളുടെ രേഖകളും ഉണ്ട്. മലബാർ പ്രദേശത്തിന്റേത് ഒഴിച്ച്. ചരിത്രപരമായ ഇത്തരം ഔദ്യോഗിക അവഗണനകളിൽ കൂടിയാണ് നമ്മുടെ ചരിത്ര ബോധം നിർമ്മിക്കുന്നതിൽ വലിയ പങ്കുണ്ട്.

Digital Archives of Kerala Legislative Assembly: http://klaproceedings.niyamasabha.org/

7) കോടതി/ നിയമം എന്നിവയുമായി ബന്ധപ്പെട്ട ആർക്കൈവുകൾ

കേസുകൾ, വിധി, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുമായി ബന്ധപ്പെടട്ട് ധാരാളം ഓൺലൈൻ ലൈബ്രറികൾ ഉണ്ട്. സത്യാവസ്ഥയുടെ പ്രതിബിംബം എന്ന നിലക്കല്ല കോടതി വ്യവഹാരത്തെയും വിധിയേയും കാണേണ്ടത്. മറിച്ച് മറ്റേതൊരു ചരിത്ര രേഖയേയും പോലെ ഒരു social text ആണത്. പ്രസ്തുത രേഖ അടയാളപ്പെടുത്തുന്ന കാലഘട്ടത്തിലെ സാമൂഹിക-അധികാര ഘടന മനസ്സിലാക്കുന്നതിലൂടെ മാത്രമേ ഇത്തരം രേഖകളുടെ പ്രത്യക്ഷ അർത്ഥത്തിന് അപ്പുറമുള്ള വിശാല ലോകത്തേക്ക് കടക്കാനാകൂ. രേഖകളൊന്നും അവശേഷിപ്പികാതെ പോയ കീഴാളജനതയുടെ ലഭ്യമായ ഒരേയൊരു രേഖീയ ചരിത്രം ഇത്തരം രേഖകൾ അടങ്ങിയിട്ടുണ്ട്. നിയമങ്ങളും, ചട്ടങ്ങളും പലപ്പോഴും സാമൂഹ്യ മാറ്റത്തിന്റെ അടയാള ശിലകളാണ്.
ഈ മേഖലയുമായി ബന്ധപ്പെട്ട് ഉപയോഗപ്രദമായ ചില ലിങ്കുകൾ താഴെ ചേർക്കുന്നു.

Kanoon: https://indiankanoon.org/

Judgments: The Judgment Information System:
http://164.100.79.153/judis/

Manupatra : https://www.manupatrafast.com/
(subscription ആവശ്യമാണ്)

Legal Information Institute of India (LIIofIndia): http://liiofindia.org/in/cases/cen/INSC/

Bombay High Court Judge's Library: https://bombayhighcourt.nic.in/libweb/judlibindex.html

Laws of India: http://www.lawsofindia.org/

Acts Parliament: https://www.prsindia.org/recent-acts

INDIA CODE: Digital Repository of all Central and State Acts: https://indiacode.nic.in/

8) ഫോട്ടോ/ വിഷ്വൽ ആർക്കൈവുകൾ

സാമൂഹിക, സാംസ്കാരിക ജീവിതത്തിന്റെ സൂക്ഷ്മതലങ്ങൾ വരകളുടെയും ഫോട്ടോഗ്രഫിയുടെയും മാധ്യമത്തിലൂടെ എടുത്തുകാണിക്കാറുണ്ട്. അതിലുപരി സമ്പന്നമായ ഒരു ദൃശ്യ സംസ്കാരത്തിലേക്കും ഇവ വെളിച്ചം വീശുന്നു.

USC Digital Library (USCDL): http://digitallibrary.usc.edu/

DIGITAL SOUTH ASIAN LIBRARY : https://dsal.uchicago.edu/images/

BASEL MISSION ARCHIVES : http://www.bmarchives.org/

ദക്ഷിണേഷ്യൻ ജനപ്രിയ ദൃശ്യ സംസ്കാരത്തിലേക്ക് വെളിച്ചം വീശുന്ന ഒരു ഡിജിറ്റൽ നെറ്റ്വർക്കാണ് Tasveer Ghar: A Digital Network of South Asian Popular Visual Culture. പോസ്റ്ററുകൾ, കലണ്ടർ ആർട്ട്, തീർത്ഥാടന ഭൂപടങ്ങൾ, സാമഗ്രികൾ, സിനിമാ ഹോർഡിംഗുകൾ, പരസ്യങ്ങൾ, മറ്റ് തെരുവ്, ബസാർ ആർട്ട് എന്നിവയുടെ ആകർഷകമായ ഒരു ഡിജിറ്റൽ ശേഖരമാണിത്.

Tasveer Ghar: A Digital Network of South Asian Popular Visual Culture: http://www.tasveergharindia.net/

## 9) ന്യൂസ്പേപ്പർ ആർക്കൈവുകൾ

ചരിത്ര രചനയിൽ സുപ്രധാനമായ ഒരവലംബമാണല്ലോ ന്യൂസ്പേപ്പറുകൾ. ഇവയിൽ തികച്ചും സൗജന്യമായ രണ്ട് ശേഖരങ്ങളാണ് NYS Historic Newspapers ഉം, Google Newspaper ആർക്കീവ്സും

NYS Historic Newspapers : https://nyshistoricnewspapers.org/

Google Newspaper : https://news.google.com/newspapers

ശക്തമായ subscription വ്യവസ്ഥയിലൂടെ പ്രവർത്തിക്കുന്ന ഇന്ത്യൻ ചരിത്രവുമായി ബന്ധപ്പെട്ട രണ്ടു ന്യൂസ്പേപ്പർ ആർക്കൈവുകളാണ്The British Newspaper Archive , Times of India (ProQuest Historical Newspapers) എന്നിവ.

The British Newspaper Archive: https://www.britishnewspaperarchive.co.uk/

Times of India (ProQuest Historical Newspapers): https://libraries.indiana.edu/times-india-proquest-historic

## 10) കേരളവുമായി ബന്ധപ്പെട്ട ചില ആർക്കൈവുകൾ

കേരളവുമായി ബന്ധപ്പെട്ട ചരിത്ര രേഖകളെ ഡിജിറ്റൈസ് ചെയ്തു പൊതു ഇടത്തിൽ എത്തിക്കുന്നത് ഒരു മിഷനായി ഏറ്റെടുത്ത് അതിനായി അക്ഷീണം പ്രയത്നിക്കുന്ന ഒറ്റയാൾ പട്ടാളമാണ് ഷിജു അലക്സ്. കേരളത്തിലെ ഏതൊരു പൊതു-സ്വകാര്യ സ്ഥാപനങ്ങളുടെ ഡിജിറ്റൈസേഷൻ പദ്ധതിയേക്കാളും എണ്ണത്തിലും ഗുണത്തിലും ബഹുദൂരം മുന്നിൽ

ബന്ധപ്പെട്ട വലിയ ഒരു ശേഖരം തന്നെ തയ്യാറാക്കി വെച്ചിട്ടുണ്ട്. പക്ഷേ, ഇവ ഡൌൺലോഡ് ചെയ്യുക എന്നതും ഉപയോഗിക്കുക എന്നതും ഏകദേശം അസാധ്യമാണ്. ഒരു ഓൺലൈൻ ലൈബ്രറി എങ്ങനെയാവരുത് എന്നതിന് ഒരു ഉദാഹരണമാണിത്.

കേരള സാഹിത്യ അക്കാദമി ഓൺലൈൻ ലൈബ്രറി:
http://keralasahityaakademi.org/online_library/index.html

State Central Library Digital Archives-ഇൽ അപൂർവ്വ പുസ്തകങ്ങൾ, ഗസറ്റുകൾ, ഫോർട്ട് സെന്റ് ജോർജ് ഗസറ്റുകൾ എന്നിവയുടെ വിപുലമായ ഓൺലൈൻ ശേഖരമുണ്ട്.

State Central Library Digital Archives : http://103.251.43.202/digital_archives.html

ട്യൂബിംഗെൻ സർവകലാശാല ലൈബ്രറിയിലെ ഹെർമൻ ഗുണ്ടെർട്ട് എസ്റ്റേറ്റിൽ മലയാളം, കന്നഡ, തുലു, തമിഴ്, തെലുങ്ക്, സംസ്കൃതം, മറ്റ് ഭാഷകൾ എന്നിവയിൽ അച്ചടിച്ചതും ലിത്തോഗ്രാഫ് ചെയ്തതുമായ പുസ്തകങ്ങളും ലഘുലേഖകളും അടങ്ങിയിരിക്കുന്നു. കൂടാതെ ഇന്ത്യൻ കൈയെഴുത്തുപ്രതികൾ, താളിയോലകൾ, വിവിധ ഭാഷകളിലെ പാഠപുസ്തകങ്ങൾ, നോട്ട്ബുക്കുകൾ എന്നിവയും ഹെർമാൻ ഗുണ്ടർട്ടിന്റെയും അദ്ദേഹത്തിന്റെ മിഷനറി സഹപ്രവർത്തകരും ശേഖരത്തിലുണ്ട്. ഇവയുടെ ഡിജിറ്റൽ ശേഖരമാണ് Hermann Gundert Portal-ലിലൂടെ പങ്കു വെക്കുന്നത്.

Hermann Gundert Portal: https://www.gundert-portal.de/

സമാനമായ കേരള ചരിത്രവുമായി ബന്ധപ്പെട്ട മറ്റുചില ഡിജിറ്റൽ ആർക്കൈവുകൾ താഴെച്ചേർക്കുന്നു:
Basel Mission Archives-: കേരളത്തിൽ സാമൂഹിക പരിവർത്തനത്തിൽ മുഖ്യമായ പങ്കുവഹിച്ച മിഷനറി ഗ്രൂപ്പാണ് ബാസെൽ മിഷൻ. കേരള ചരിത്രത്തിന് വിത്യസ്തമായ ഒരു വീക്ഷണകോൺ നല്കാൻ കഴിയുന്ന രേഖകളാണ് ഇവരുടെ ശേഖരത്തിലധികവും.

http://www.bmarchives.org/

British Library’s Endangered Archives: ഈ പ്രോഗ്രാമ്മിൽ കേരളവുമായി ബന്ധപ്പെട്ട വിത്യസ്ത പ്രോജക്റ്റുകളും അവയുടെ രേഖകളും ലഭ്യമാണ്. കേരള ചരിത്ര പഠനത്തിന് പുതിയ ദിശാബോധം നല്കാൻ കഴിയുന്ന ആലോചനകളാണ് ഇവ മുന്നോട്ടു വെക്കുന്നത്.

https://eap.bl.uk/

Digital Archive of Kerala Council for Historical Research: KCHR -ന്റെ ഇനിയും ഒരുപാട് മുന്നോട്ട്പോകാനുള്ള നാമമാത്രമായ ഒരു പദ്ധതി.

http://digitalarchive.kchr.ac.in/

MILLIREPORT

അതിനെ മറികടക്കണമെങ്കിൽ മറ്റു പഠന മേഖലകളിൽ എന്ന പോലെ, ചരിത്ര രചനയിലും വരേണ്യ വർഗ്ഗ മേധാവിത്വവും, രീതിശാസ്ത്രവും മാറേണ്ടതുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾ ചരിത്ര പഠന, ഗവേഷണ മേഖലകളിലേക്ക് കടന്നുവരുകയും, തങ്ങൾ അനുഭവിച്ചറിഞ്ഞ ജീവിത പരിസങ്ങളോട് നീതിപുലർത്തുന്നവയണോ നിലവിലുള്ള ചരിത്ര ധാരണകൾ എന്ന് ആലോചിച്ചു തുടങ്ങുകയും ചെയ്യുന്നതോടെ വലിയ മാറ്റങ്ങൾ സംഭവിക്കും. രാജ്യത്തിനകത്തും, പുറത്തുമുള്ള പ്രശസ്ത സർവകലാശാലകളിൽ ഈ മാറ്റം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഈ ആലോചനകളെ സജീവമായി മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ ചരിത്ര രേഖകളുടെ പൊതു ലഭ്യത ഉറപ്പാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

(തിരുനെൽവേലിയിലെ സദഖത്തുല്ലാഹ് അപ്പാ കോളേജിൽ ചരിത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖകൻ)

Tags :

സൈതാലി പി. പി.

<< Prev

Next >>

0 Comments

Sort by Oldest



Add a comment...

Facebook Comments Plugin

Archives

July 2020